**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4882** **23.03.2018** -ലെ മറുപടിക്ക്

## ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഡോ. അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോയെന്നു വ്യക്തമാക്കാമോ; | (എ) യും (ബി) യും | പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവ് വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം<br>9. മാലിന്യ നിർമ്മാർജ്ജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ(സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14.വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി) |
| (ബി) | പ്രസ്തുത കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വരുമാനദായകമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്താനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നു വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കി വരുന്നതെന്നും എത്ര പട്ടികജാതി സങ്കേതങ്ങളെയാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ ? | (സി) | പ്രസ്തുത പദ്ധതി 14 ജില്ലകളിലും നടപ്പിലാക്കി വരുന്നു. ഇതുവരെ 250 സങ്കേതങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ